# സ്റ്റെപ്സ് 2019 – 2020
# സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി

## ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ

SCERT

എസ്.സി.ഇ.ആർ.ടി കേരളം


# സ്റ്റെപ്സ് 2019 – 2020
## സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി
## ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ

**A**

| സമയം 45 മിനുട്ട്സ് |
|---|
| ആകെ സ്കോർ 19 |

*ചോദ്യം 1* *സ്കോർ 1*

ചിത്രം നീരീക്ഷിക്കൂ.



'*എന്നാലും ഭൂമി സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടേ ഇരിക്കും*'

സൂര്യൻ പ്രപഞ്ചകേന്ദ്രമാണ് എന്ന സത്യം തുറന്നുപറഞ്ഞതിന്റെ പേരിൽ തടവിലാക്കപ്പെട്ട ഇദ്ദേഹത്തോട് അത് മാറ്റിപ്പറയാൻ നിർബന്ധിച്ചപ്പോൾ അധികാരികളോട് അദ്ദേഹം പറഞ്ഞ വാക്കുകളാണ് മുകളിൽ നൽകിയിട്ടുള്ളത്.
ഇററലിക്കാരനായ ഈ പ്രശസ്ത വാനനിരീക്ഷകൻ ആര് ?

*ചോദ്യം 2* *സ്കോർ 4*

സ്ക്രീനിൽ നൽകിയിരിക്കുന്ന ലോഗോകൾ നിരീക്ഷിക്കുക

a b c

നവകേരളനിർമ്മാണത്തിനും ദാരിദ്ര്യലഘൂകരണത്തിനുമെല്ലാമായി കേരളത്തിൽ സർക്കാർ നേതൃത്വത്തിൽ വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കിവരുന്നുണ്ട്. കേരളസർക്കാരിന്റെ ചില മിഷനുകളുമായി ബന്ധപ്പെട്ട ലോഗോകളാണ് നിങ്ങൾ കാണുന്നത്. ഇവയിൽ നിന്ന് ചില എഴുത്തുകൾ (ദൗത്യപ്രസ്താവനകൾ) മാത്രം മാറ്റിയിട്ടുണ്ട്. ഈ ലോഗോകൾ ഏതൊക്കെ മിഷനുകളുമായി ബന്ധപ്പെട്ടതാണെന്ന് എഴുതുക.

d. അർഹരായ മുഴുവൻപേർക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിവരുന്ന മിഷൻ ഏത് ?

***ചോദ്യം 3*** ***സ്കോർ 2***

സംസ്ഥാനങ്ങൾ മാത്രം അതിർത്തിയായി വരുന്ന ഏതെങ്കിലും രണ്ട് ഇന്ത്യൻ സംസ്ഥാനങ്ങളുടെ പേരെഴുതുക

***ചോദ്യം 4*** ***സ്കോർ 2***

*വരിക വരിക സഹജരെ, സഹന സമര സമയമായ്*
*കരളുറച്ച് കൈകൾ കോർത്ത് കാൽനടയ്ക്ക് പോകനാം.*

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന ഒരു സുപ്രധാനസമരത്തിൽ സമരഭടൻമാർക്ക് ആവേശം പകരുന്നതിനായി രചിച്ച ഗാനമാണിത്.

എ) ഏത് സമരവുമായി ബന്ധപ്പെട്ടാണ് ഈ ഗാനം രചിക്കപ്പെട്ടത്?

ബി) ആരാണ് ഈ ഗാനം രചിച്ചത്?

***ചോദ്യം 5*** ***സ്കോർ 2***

എ) സൽത്തനത്ത്കാലത്ത് ഭൂനികുതി പിരിച്ചെടുക്കുവാനുള്ള അവകാശത്തോടെ കൃഷിഭൂമി പ്രഭുക്കൻമാർക്ക് നൽകിയിരുന്നു. ഇഖ്ത എന്നാണ് ഈ സമ്പ്രദായം അറിയപ്പെട്ടിരുന്നത്. ഭൂനികുതി പിരിച്ചെടുക്കാനുള്ള അവകാശം ലഭിച്ച പ്രഭു ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?

ബി) ഇന്ന് ഭൂനികുതി പിരിച്ചെടുക്കാൻ ചുമതലപ്പെട്ട സർക്കാർ സ്ഥാപനം ഏത് ?

***ചോദ്യം 6*** ***സ്കോർ 1***



തീരെകുറഞ്ഞ മഴയും വിരളമായ സസ്യജാലങ്ങളും ജനവാസം വളരെ കുറവുള്ളതുമായ ഒരു കാലാവസ്ഥാമേഖലയാണ് തുന്ദ്രാ. താഴെ കൊടുത്തവയിൽ തുന്ദ്രാ കാലാവസ്ഥാ മേഖലയിൽ ഉൾപ്പെടാത്ത വൻകരയേത്?

എ) വടക്കേ അമേരിക്ക. ബി) യൂറോപ്പ്.
സി) ആഫ്രിക്ക. ഡി) ഏഷ്യ.

***ചോദ്യം 7*** ***സ്കോർ 1***

ഒരു ചരിത്രമ്യൂസിയത്തിൽ ചരിത്രശേഷിപ്പുകൾ അവയുടെ കാലം രേഖപ്പെടുത്തി സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അവയിൽനിന്നും തെരഞ്ഞെടുത്ത 4 ചരിത്രശേഷിപ്പുകളുടെ കാലങ്ങളാണ് സ്ക്രീനിൽ കാണുന്നത്.

| | | | |
|---|---|---|---|
| ബി.സി.ഇ 2005 | സി.ഇ 980 | ബി.സി.ഇ 3300 | ബി.സി.ഇ 950 |

ഇവയിൽ ഏറ്റവും പഴക്കം കൂടിയ ചരിത്രശേഷിപ്പ് ഏത് വർഷത്തേതാണ് ?



*ചോദ്യം 8* *സ്കോർ 3*

ആമസോൺ കാടുകളിൽ ഈയിടെ ഉണ്ടായ വൻതീപിടുത്തത്തെക്കുറിച്ച് നിങ്ങൾ പത്രമാധ്യമങ്ങളിലൂടെയും മറ്റും അറിഞ്ഞുകാണുമല്ലോ. സഹാറാ മരുഭൂമിയിൽ നിന്നും വീശിയടിക്കുന്ന കാറ്റിനൊപ്പം പറന്നെത്തുന്ന ഫോസ്ഫറസ് ആമസോൺകാടുകളുടെ ജൈവസമ്പത്ത് വർദ്ധിക്കുന്നതിന് സഹായിക്കുന്നു എന്ന് പഠനം കാണിക്കുന്നു.



എ) സഹാറയിൽ നിന്നും ഏത് സമുദ്രം കടന്നാണ് ഫോസ്ഫറസ് കലർന്ന പൊടിപടലങ്ങൾ ആമസോൺ കാടുകളിൽ എത്തിച്ചേരുന്നത് ?

ബി) സഹാറാ മരുഭൂമിയിൽ നിന്നും ഏതു ദിക്കിലേക്ക് സഞ്ചരിച്ചാണ് പൊടിപടലങ്ങൾ നിറഞ്ഞ കാറ്റ് ആമസോൺകാടുകളിൽ എത്തുന്നത് ?

സി. ആമസോൺ കാടുകളുടെ സംരക്ഷണത്തിനായി പോരാട്ടം നടത്തി ഇരുപത്തിയാറാമത്തെ വയസ്സിൽ വനംകൊള്ളക്കാരാൽ കൊലചെയ്യപ്പെട്ട ഗാർഡിയൻ ഓഫ് ദ ഫോറസ്റ്റ് എന്ന സംഘടനയുടെ നേതാവിന്റെ ഫോട്ടോയാണ് നൽകിയിട്ടുള്ളത്. *കാട് ഞങ്ങളുടെ ജീവനാണ്, ഞങ്ങളുടെ പോരാട്ടം തുടരുകതന്നെ ചെയ്യു*മെന്ന് പ്രഖ്യാപിച്ച ഈ ഗോത്രവർഗ്ഗനേതാവിന്റെ പേരെന്ത് ?

*ചോദ്യം 9* *സ്കോർ 3*

ഇന്ത്യയിൽ രണ്ട് പ്രധാന മഴക്കാലങ്ങൾ അനുഭവപ്പെടുന്നു. ഈ മഴയ്ക്ക് കാരണമാകുന്ന കാറ്റുകൾ മൺസൂൺ കാറ്റുകൾ എന്നാണ് അറിയപ്പെടുന്നത്

എ) കേരളം ഉൾപ്പെടെയുള്ള പടിഞ്ഞാറൻതീരസംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്ക് കാരണമാകുന്ന മൺസൂൺകാറ്റ് ഏത് പേരിലാണ് അറിയപ്പെടുന്നത് ?

ബി)വടക്കുകിഴക്കൻ മൺസൂൺ കാലം കേരളത്തിൽ ഏത് പേരിലാണ് അറിയപ്പെടുന്നത് ?

സി) മത്സ്യങ്ങളുടെ പ്രജനനം നടക്കുന്നതിനാൽ കേരളത്തിൽ മത്സ്യബന്ധനത്തിന് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് ഏത് മൺസൂൺകാലത്താണ് ?

എസ്.സി.ഇ.ആർ.ടി കേരളം

**സ്റ്റെപ്സ് 2019 – 2020** **A**

# സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി

# ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ

# ഉത്തരസൂചിക

---

**ചോദ്യം 1** **സ്കോർ 1**

*ഗലീലിയോ ഗലീലി / ഗലീലിയോ*

**ചോദ്യം 2**

*എ) ഹരിതകേരളം മിഷൻ* **സ്കോർ 1**

*ബി) ശുചിത്വ മിഷൻ* **സ്കോർ 1**

*സി) കുടുംബശ്രീ മിഷൻ* **സ്കോർ 1**

*ഡി) ലൈഫ് മിഷൻ/ലൈഫ്* **സ്കോർ 1**

**ചോദ്യം 3** **സ്കോർ 2**

*മധ്യപ്രദേശ്, ഛത്തീസ്ഡഢ്, ഛാർഖഢ്ഢ്, തെലങ്കാന, ഇതിൽ ഏതെങ്കിലും 2 എണ്ണം (ഹരിയാനക്ക് അതിരായി ദേശീയതലസ്ഥാനപ്രദേശമായ ഡൽഹി ഉൾപ്പെടുമെങ്കിലും ഹരിയാനയ്കും സ്കോർ നൽകാം.)*

**ചോദ്യം 4** **സ്കോർ 2**

*എ) ഉപ്പുസത്യഗ്രഹം*

*ബി) അംശി നാരായണപിള്ള*

**ചോദ്യം 5**

*എ) മുഖ്തി* **സ്കോർ 1**

*ബി) വില്ലേജ് ഓഫീസ്* **സ്കോർ 1**

**ചോദ്യം 6** **സ്കോർ 1**

*ആഫ്രിക്ക*

**ചോദ്യം 7** **സ്കോർ 1**

*ബിസിഇ 3300*

**ചോദ്യം 8**

*എ) അത്‌ലാന്റിക് സമുദ്രം* **സ്കോർ 1**

*ബി) പടിഞ്ഞാറ് / തെക്ക് പടിഞ്ഞാറ്* **സ്കോർ 1**

*സി) പൗലോ പൗളിനോ ഗജ്ജാര* **സ്കോർ 1**

**ചോദ്യം 9**

*എ) തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ്* **സ്കോർ 1**

*ബി) തുലാവർഷം* **സ്കോർ 1**

*സി) തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം/ഇടവപ്പാതി/കാലവർഷം* **സ്കോർ 1**

**ആകെസ്കോർ 19**

B

സമയം 35 മിനുട്ട്സ്
ആകെ സ്കോർ 15

*ചോദ്യം 10* *സ്കോർ 2*

1. ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല ജീവിതരീതികൂടിയാണ്. താഴെകൊടുത്തവയിൽ ഏതാണ് ജനാധിപത്യ ആശയവുമായി പൊരുത്തപ്പെടുന്ന പ്രസ്താവന എന്ന് എഴുതുക.

എ) വിദ്യാർഥികളുടെ പഠനയാത്ര പോകേണ്ട സ്ഥലം തീരുമാനിച്ചത് കൺവീനറായ അധ്യാപകനാണ്.

ബി) ഫാക്ടറി ഉടമസ്ഥൻ പണം നൽകി അദ്ദേഹം നിർദ്ദേശിക്കുന്ന ആൾക്ക് വോട്ട് ചെയ്യാൻ തൊഴിലാളികളോട് പറഞ്ഞു.

സി) പ്രധാനാധ്യാപകൻ ക്ലാസ്‌ലീഡർമാരുടെ യോഗം വിളിച്ചുചേർത്ത് സ്കൂൾവാർഷികാഘോഷം സംബന്ധിച്ച് തീരുമാനങ്ങളെടുത്തു.

ഡി) തെരുവുവിളക്ക് സ്ഥാപിക്കേണ്ട കേന്ദ്രങ്ങൾ സംബന്ധിച്ച് ഗ്രാമസഭ എടുത്ത തീരുമാനം വാർഡ്മെമ്പർ തന്റെ താൽപര്യപ്രകാരം മാറ്റി.

2. 'ജനാധിപത്യസംവിധാനത്തിൽ ഭരണം മെച്ചപ്പെടുത്താൻ പ്രതിപക്ഷത്തിന് പ്രധാന പങ്കുവഹിക്കാനാവും.' ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷത്തിന്റെ പ്രധാന ചുമതല എന്തെന്ന് എഴുതുക.

*ചോദ്യം 11* *സ്കോർ 4*

രജപുത്രരാജാക്കൻമാരുടെ കാലത്താണ് ഡൽഹി ഒരു അധികാരകേന്ദ്രമാകുന്നത്. ഡൽഹിക്കുവേണ്ടി രാജവംശങ്ങൾ തമ്മിൽ ഏറ്റുമുട്ടിയിട്ടുണ്ട്. മംലൂക്ക് വംശത്തിൽ തുടങ്ങി മുഗൾഭരണത്തിൽ എത്തുന്നതുവരെ നിരവധി ചരിത്രസംഭവങ്ങൾക്ക് ഡൽഹി സാക്ഷ്യം വഹിച്ചിട്ടുണ്ട്.

താഴെ നൽകിയിരിക്കുന്ന ചരിത്രസംഭവങ്ങൾ ഓരോന്നും ഏതേത് രാജവംശങ്ങളുടെ കാലഘട്ടത്തിലാണ് ഉണ്ടായതെന്ന് എഴുതുക?

1. ഗുജറാത്ത് കീഴടക്കൽ
2. ഒന്നാം പാനിപ്പത്ത് യുദ്ധം
3. തങ്ക, ജിതൽ എന്നീ നാണയങ്ങൾ പുറത്തിറക്കി.
4. ഡൽഹിയിൽനിന്നും ദൗലത്താബാദിലേക്കുള്ള തലസ്ഥാനമറ്റം

*ചോദ്യം 12* *സ്കോർ 3*


A


B


C

ചിത്രം നിരീക്ഷിക്കുക.
ഓരോ ചിത്രവും ഏത് സംസ്കാരത്തെ സൂചിപ്പിക്കുന്നു എന്ന് എഴുതുക.

***ചോദ്യം 13*** ***സ്കോർ 6***

*തന്നിരിക്കുന്ന കുറിപ്പ് വായിക്കുക*

ഗൾഫിൽ നിന്നും തിരിച്ചുവന്ന ബാബു നാട്ടിൽ ഒരു ചെരുപ്പ് കമ്പനി ആരംഭിച്ചു. ഫാക്ടറിക്കാവശ്യമായ ജലലഭ്യതയുള്ള ഭൂമി അദ്ദേഹത്തിന്റെ സുഹൃത്ത് കമ്പനിക്ക് പാട്ടത്തിന് നൽകി. ബാബു 30 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചു. 15 ലക്ഷം രൂപ മുടക്കി യന്ത്രങ്ങൾ വാങ്ങി. ഒരു മാനേജർ, 4 ഓഫീസ് ജീവനക്കാർ, 15 മെഷീൻ ഓപ്പറേറ്റർമാർ, 5 പായ്ക്കിംഗ് ജോലിക്കാർ എന്നിവരെ കമ്പനിയിൽ നിയമിച്ചു. കമ്പനി ഉല്പാദനം ആരംഭിക്കുകയും മൂന്നുവർഷംകൊണ്ടുതന്നെ ലാഭം നേടുകയും ചെയ്തു.

ഏതൊരു ഉല്പാദനപ്രക്രിയയിലും 4 ഘടകങ്ങൾ ഉണ്ട്. കുറിപ്പ് വായിച്ച് താഴെ കൊടുത്തിരിക്കുന്ന രീതിയിൽ പട്ടിക വരച്ച് ഓരോ കോളത്തിലും ഉൽപാദനഘടകങ്ങളുടെ തലക്കെട്ടുകളായെഴുതുക. പ്രസ്തുത തലക്കെട്ടിന് ബാധകമായ ഓരോ ഘടകങ്ങൾ വീതം കുറിപ്പിൽനിന്നും കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

*ഉൽപ്പാദനഘടകങ്ങൾ*

| | | | |
|---|---|---|---|
| | | | |

എസ്.സി.ഇ.ആർ.ടി കേരളം

**സ്റ്റെപ്സ് 2019 – 2020**

# സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി

## ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ

## ഉത്തരസൂചിക

**B**

| സമയം 35 മിനുട്സ് |
|---|
| ആകെ സ്കോർ 15 |

***ചോദ്യം 10*** ***സ്കോർ 2***

1. സി.പ്രധാനാധ്യാപകൻ ക്ലാസ്‌ലീഡർമാരുടെ യോഗം വിളിച്ചുചേർത്ത് സ്കൂൾവാർഷികം സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നു.
2. ഭരണപക്ഷത്തിന്റെ നയങ്ങളിൽ തെറ്റുണ്ടെങ്കിൽ വിമർശിക്കുന്നു/ചൂണ്ടിക്കാണിക്കുന്നു.
   പൊതുജനതാൽപ്പര്യം മുൻനിർത്തി ഇടപെടലുകൾ നടത്തുന്നു.
   സർക്കാരിന്റെ പാളിച്ചകൾ തുറന്നുകാട്ടുന്നു
   തെറ്റായ നടപടികളെ എതിർക്കുന്നു.

നയങ്ങൾ, പദ്ധതികൾ ഇവയിൽ ക്രിയാത്മകവിമർശനം നടത്തുന്നു
അമിതാധികാരപ്രവണതകളെ ചെറുക്കുന്നു.
സമാനമായ മറ്റു ഉത്തരങ്ങൾക്കും സ്കോർ നൽകാവുന്നതാണ്.

***ചോദ്യം 11*** ***സ്കോർ 4***

1. ഖൽജി വംശം
2. ലോദി വംശം
3. മംലൂക്ക് വംശം (അടിമവംശം)
4. തുഗ്ലക്ക് വംശം

***ചോദ്യം 12*** ***സ്കോർ 3***

എ) ഈജിപ്ഷ്യൻ സംസ്കാരം
ബി) ഹരപ്പൻ സംസ്കാരം/സിന്ധുനദീതട സംസ്കാരം
സി) മെസപ്പൊട്ടേമിയൻ സംസ്കാരം

***ചോദ്യം 13*** ***സ്കോർ 6***

| ഭൂമി | തൊഴിൽ | മൂലധനം | സംഘാടനം |
|---|---|---|---|
| ഭൂമി<br>ജലം | ജോലിക്കാർ/<br>തൊഴിലാളികൾ/<br>മെഷിൻ ഓപ്പറേറ്റർ/<br>മാനേജർ/<br>പാക്കിംഗ് തൊഴിലാളികൾ/<br>ഓഫീസ് ജിവനക്കാർ | കെട്ടിടം/<br>യന്ത്രസാമഗ്രികൾ/<br>30 ലക്ഷം രൂപ/<br>15 ലക്ഷം രൂപ/ | ഉൽപ്പാദനഘടകങ്ങളുടെ<br>ഏകോപനം/<br>അല്ലെങ്കിൽ<br>സംഘാടകന്റെ നേതൃത്വം/ |

ഉൽപാദനഘടകങ്ങൾ തലക്കെട്ടിന് (4 എണ്ണം) ***2 സ്കോർ***
പട്ടികപ്പെടുത്തൽ (ഒരു തലക്കെട്ടിന് താഴെ ഓരോ ഘടകങ്ങൾ എഴുതിയാൽ
***പരമാവധി 1 സ്കോർ. ആകെ 4 സ്കോർ )***

എസ്.സി.ഇ.ആർ.ടി കേരളം

**സ്റ്റെപ്സ് 2019 – 2020**

**സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി**

**ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ**

# C


സമയം 40 മിനുട്ട്സ്
ആകെ സ്കോർ 16

***ചോദ്യം 14*** ***സ്കോർ 6***

കേരളത്തിൽ ധാരാളം ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും, സ്മാരകങ്ങളും ഉണ്ടല്ലോ. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

- ടിപ്പുവിന്റെ കോട്ട
- വൈക്കം
- എടക്കൽ ഗുഹ
- കാപ്പാട്

എ) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളും ചരിത്രസ്മാരകങ്ങളുമാണ് കേരളത്തിന്റെ രൂപരേഖയിൽ A, B, C, D എന്നിങ്ങനെ സൂചിപ്പിച്ചിരിക്കുന്നത്. ഇവയിൽ ഏതെങ്കിലും 3 എണ്ണം തിരിച്ചറിഞ്ഞ് താഴെ നൽകിയിരിക്കുന്ന പട്ടികയിൽ എഴുതുക. അവ ഓരോന്നിന്റെയും സ്ഥലം/ സ്മാരകം, ചരിത്രപ്രാധാന്യം എന്നിവകൂടി എഴുതുക.




| | സ്ഥലം/സ്മാരകം | ചരിത്രപ്രാധാന്യം |
|---|---|---|
| A | | |
| B | | |
| C | | |
| D | | |

(ഇതിൽ ഏതെങ്കിലും 3 എണ്ണം എഴുതിയാൽ മതി)

***ചോദ്യം 15*** ***സ്കോർ 8***

സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ 2019–2020 വർഷത്തെ പ്രവർത്തനകലണ്ടർ തയ്യാറാക്കുകയാണ്. താഴെപറയുന്ന 4 ദിനങ്ങൾ വിശദമായി ആസൂത്രണം ചെയ്ത് ആചരിക്കണമെന്ന് ക്ലബ്ബ് തീരുമാനിച്ചു. 1. ഹിരോഷിമാ ദിനം 2. കേരളപ്പിറവി ദിനം 3. റിപ്പബ്ലിക്ക് ദിനം 4. ക്വിറ്റ്ഇന്ത്യാ ദിനം.

ഈ ദിനങ്ങളുടെ പേരും അവ ആചരിക്കുന്ന തീയതിയും പട്ടികപ്പെടുത്തുക. ഓരോ ദിനത്തിന്റെയും ഓരോ പ്രാധാന്യം വീതം അവയ്ക്ക് നേരേ എഴുതുക

| | ദിനം | തീയതി | പ്രാധാന്യം |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |

***ചോദ്യം 16*** ***സ്കോർ 2***

ദൃശ്യം നിരീക്ഷിക്കുക.



എ) പതിനാറാം നൂറ്റാണ്ടിൽ കേരളത്തിൽ പ്രചാരത്തിൽ വന്ന ഒരു കലാരൂപമാണിത്. ഈ കലാരുപത്തിന്റെ പേരെന്ത് ?

ബി) ഏത് വിദേശീയരുടെ വരവിനെ തുടർന്നാണ് ഈ കല കേരളത്തിൽ രൂപംകൊണ്ടത് ?

എസ്.സി.ഇ.ആർ.ടി കേരളം

**സ്റ്റെപ്സ് 2019 – 2020**

**സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി**

**ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ**

**ഉത്തരസൂചിക**

**C**

സമയം 40 മിനട്ട്സ്
ആകെ സ്കോർ 16

***ചോദ്യം 14*** ***സ്കോർ 6***

A. വൈക്കം – സമൂഹത്തിലെ എല്ലാവിഭാഗത്തിൽപെട്ടവർക്കും ക്ഷേത്രത്തിന് ചുറ്റുമുള്ള വഴിയിലൂടെ സഞ്ചരിക്കുന്നതിനുള്ള അവകാശത്തിന് വേണ്ടി സത്യഗ്രഹ സമരം നടന്ന സ്ഥലം.

B. എടയ്ക്കൽ – ശിലായുഗത്തിലെ ശിലാലിഖിതങ്ങൾ കാണപ്പെടുന്ന ഗുഹ.

C. കാപ്പാട് – വാസ്കോഡഗാമ കോഴിക്കോട് കാപ്പാട് കപ്പൽ ഇറങ്ങി.

D. ടിപ്പുസുൽത്താൻ കോട്ട – ഹൈദരലി നിർമിച്ച ഈ കോട്ട പിന്നീട് ടിപ്പുവിന്റെയും തുടർന്ന് ബ്രിട്ടീഷുകാരുടെയും അധീനതയിലായി. പാലക്കാട് സ്ഥിതി ചെയ്യുന്നു

( സൂചനയനുസരിച്ച് കൃത്യമായി സ്ഥലങ്ങൾ ഏതെങ്കിലും 3 എണ്ണം എഴുതിയാൽ ഓരോന്നിനും ഓരോ സ്കോർ. ആകെ 3 സ്കോർ. ഓരോ സ്ഥലത്തിന്റെയും ചരിത്രപ്രാധാന്യം എഴുതിയാൽ 1 സ്കോർ വീതം ആകെ 3 സ്കോർ)

***ചോദ്യം 15*** ***സ്കോർ 8***


| | ദിനം | തീയതി | പ്രാധാന്യം |
|---|---|---|---|
| 1 | ഹിരോഷിമാ ദിനം | ആഗസ്റ്റ് 6 | അണുബോംബിന്റെ ദുരന്തം സൂചിപ്പിച്ചിട്ടുണ്ട്. യുദ്ധ വിരുദ്ധദിനം, അമേരിക്ക ജപ്പാനിൽ (ഹിരോഷിമയിൽ) അണുബോംബ് വർഷിച്ചു. |
| 2 | ക്വിറ്റ്ഇന്ത്യാ ദിനം | ആഗസ്റ്റ് 9 | ബ്രിട്ടീഷുകാർ ഇന്ത്യവിടുക എന്ന മുദ്രാവാക്യം/ പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ഗാന്ധി ജിയുടെ ആഹ്വാനം |
| 3 | കേരളപ്പിറവി ദിനം | നവംബർ 1 | ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനരൂപീകരണം/ വിവിധ ഭരണപ്രദേശങ്ങളുടെ സംയോജനം. |
| 4 | റിപ്പബ്ലിക്ക് ദിനം | ജനവരി 26 | ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു. |

***ചോദ്യം 16*** ***സ്കോർ 2***

എ) ചവിട്ടുനാടകം
ബി) പോർച്ചുഗീസ്

# അനുബന്ധങ്ങൾ A പാർട്ട്

***ചോദ്യം 1***



---

***ചോദ്യം 2***







# അനുബന്ധങ്ങൾ

## ***ചോദ്യം 6***



തുന്ദ്രാ മേഖല

## ***ചോദ്യം 8***



ആമസോൺ കാടുകൾ

൧



# അനുബന്ധം

**പ്രവർത്തനം 12**







അനുബന്ധം

***ചോദ്യം 14***



map taken from PRD kerala

ചോദ്യം 16



## സ്റ്റെപ്പ്സ് 2019 – 2020
## സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി
## ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ

## ടൈ ബ്രേക്കർ ചോദ്യങ്ങൾ

---

1. സൂര്യോദയത്തിന് അല്പം മുമ്പോ സൂര്യാസ്തമയത്തിന് അല്പം ശേഷമോ മാത്രം ദൃശ്യമാകുന്ന തിളക്കമുള്ള ഗ്രഹം ഏത് ?

2. ചന്ദ്രയാൻ 2 ദൗത്യത്തിൽ ചന്ദ്രോപരിതലത്തിൽ മൃദുവായി ഇറങ്ങാൻ( soft landing) തയ്യാറാക്കപ്പെട്ട സംവിധാനം അറിയപ്പെടുന്നത് ഏതു പേരിലാണ് ?-

3. ചന്ദ്രയാനെക്കുറിച്ച് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. എന്നാൽ ആഴക്കടൽ പര്യവേഷണത്തിനായി ഭാരത സർക്കാർ ഒരു പ്രോജക്റ്റ് 2021–22 ൽ ആരംഭിക്കാൻ പോവുകയാണ്. എന്താണ് ഈ പ്രോജക്റ്റിന് നൽകിയിട്ടുള്ള പേര് ?

4. ഭരണഘടനയുടെ 21 എ അനുച്ഛേദപ്രകാരം 6 നും 14 നും ഇടയിലുള്ള കുട്ടികളുടെ മൗലിക അവകാശമാണല്ലോ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം. ഇതിന് പൂരകമായി പൗരന്മാരുടെ മൗലിക കടമകളിൽ സൂചിപ്പിക്കുന്ന കാര്യമെന്താണ് ?

## സഡൻ ഡത്ത് (ടൈബ്രേക്കർ) ചോദ്യങ്ങൾ

1. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങൾ ഏതെല്ലാമാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഇന്ത്യയുമായി സമുദ്രാതിർത്തി മാത്രം പങ്കിടുന്ന ഒരു രാജ്യമാണ് ശ്രീലങ്ക. സമുദ്രാതിർത്തി മാത്രം പങ്കിടുന്ന ഇന്ത്യയുടെ ഏറ്റവും അടുത്തുള്ള മറ്റൊരു രാജ്യത്തിന്റെ പേരെഴുതുക?

2. കേരളീയരായ നാം ഭൂമധ്യരേഖാ പ്രദേശത്തേക്ക് ഒരു യാത്രചെയ്യുകയാണെങ്കിൽ ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ ഏതു ദിക്കിലേക്കാണ് യാത്രചെയ്യേണ്ടത് ?

3. 1983 ൽ ഇന്ത്യയുടെ അന്റാർട്ടിക് ഗവേഷണ കേന്ദ്രത്തിൽ ഇന്ത്യ ഒരു തപാൽ ആപ്പീസ് ആരംഭിച്ചിട്ടുണ്ട്.ആ തപാൽ ആപ്പീസ് സ്ഥിതിചെയ്യുന്ന കേന്ദ്രത്തിന്റെ പേരെന്ത് ?

4. മേടവിഷു നാം ആഘോഷിക്കാറുണ്ടല്ലോ. ഏത് ഇംഗ്ലീഷ് മാസത്തിലാണ് മേടവിഷു ആഘോഷിക്കുന്നത് ?

**സ്റ്റെപ്സ് 2019 – 2020**
**സാമൂഹ്യശാസ്ത്ര പ്രതിഭാപരിപോഷണ പരിപാടി**
**ഉപജില്ലാതല തെരഞ്ഞെടുപ്പിനുള്ള ചോദ്യപേപ്പർ**

---

## ടൈ ബ്രേക്കർ ചോദ്യങ്ങൾ (ഉത്തരസൂചിക)

1. ശുക്രൻ
2. വിക്രം ലാന്റർ.
3. സമുദ്രയാൻ
4. തങ്ങളുടെ കുട്ടികൾക്ക് (6 നും 14 നും ഇടയിലുള്ള ) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നല്കുക.

## (സഡൻ ഡത്ത് )ടൈ ബ്രേക്കർ ചോദ്യങ്ങൾ (ഉത്തരസൂചിക)

1. മാലിദ്വീപുകൾ.
2. തെക്ക്.
3. ദക്ഷിണ ഗംഗോത്രി
4. ഏപ്രിൽ